സ്ഥിരം അദാലത്ത് സമിതി- ഉപജില്ല സമിതി-1

27.03.2024 തീയതിയിൽ രാവിലെ 10.30 മുതൽ ഓൺലൈനായി ആണ് അദാലത്ത് നടത്തിയത്. അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ

1. ഡോ. ചിത്ര പി അരുണിമ KAS, ഇന്റേണൽ വിജിലൻസ് ഓഫീസർ

2. വിഷ്ണു പ്രസാദ്- അസിസ്റ്റന്റ് ടൌൺ പ്ലാനർ

<u>അദാലത്തിൽ പരിഗണിച്ച പരാതികൾ</u>

1. അയ്മനം ഗ്രാമപഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

അനൂപ് രാജ് വി.വി സരിത എൻ

18.01.2018 അയ്മനം പഞ്ചായത്തിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരം പരാതിക്കാരൻ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 18.01.2021 നകം കെട്ടിട നമ്പറിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തപ്പോൾ വില്ലേജിൽ ഒറ്റത്തവണ നികുതി അടച്ച രേഖ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കാൻ നിർദ്ദേശിച്ചു. അതുപ്രകാരം അപേക്ഷ സമർപ്പിച്ച ഒറ്റത്തവണ നികുതിയുടെ ഡിമാന്റ് നോട്ടീസ് ലഭിക്കുകയും ചെയ്തുവെന്നും എന്നാൽ ഇത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ നൽകി അത് പ്രകാരം ഏരിയ അളന്ന് തിട്ടപ്പെടുത്തി 8.3.2021 ന് തുക അടയ്ക്കുകയും ചെയ്തുവെന്നും വീണ്ടും മേൽ രേഖകൾ സഹിതം കെട്ടിട നമ്പറിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ പെർമിറ്റ് കാലാവധി കഴിഞ്ഞതിനാൽ ക്രമവത്ക്കരണത്തിന് അപേക്ഷ സമർപ്പിക്കുവാനും ക്രമവത്ക്കരണ ഫീസ് അടയ്ക്കേണ്ടി വരും എന്നും അറിയിച്ചതായി പരാതിക്കാരൻ ബോധിപ്പിച്ചു. കോവിഡുമായി ബന്ധപ്പെട്ട ലോക്ക്ഡൌൺ മൂലമാണ് കാലതാമസം നേരിട്ടെന്നും കെട്ടിട നമ്പർ അനുവദിച്ച തരണമെന്നും അദാലത്തിൽ അപേക്ഷിച്ചു.

ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖേന പരാതിക്കാരന് കെട്ടിട നമ്പർ അനുവദിക്കാവുന്നതാണോ എന്ന് പരിശോധിക്കുവാനും അല്ലാത്തപക്ഷം ക്രമവത്ക്കരണം നടത്തി കെട്ടിട നമ്പർ നൽകുവാനും സെക്രട്ടറിയ്ക്ക് അദാലത്തിൽ നിർദ്ദേശം നൽകി തീരുമാനിച്ചു.

II അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

1. ദീപക് ജോർജ്ജ്

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ ദീപക് ജോർജ്ജിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും എന്നാൽ പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിച്ച് 58.06 ക്യു.മീറ്റർ മണ്ണ് നീക്കം ചെയതു എന്ന എൽ.എസ്.ജിഡി എ.ഇ യുടെ റിപ്പോർട്ട് പ്രകാരം ടി മണ്ണെടുപ്പ് നിർത്തിവെയ്ക്കുന്നതിനും KMMC Rules 2023(AMMENTMENT) Rules 14(8)പ്രകാരം 23244/- രൂപ റോയൽറ്റി ഇനത്തിൽ ട്രഷറിയിൽ അടയ്ക്കുന്നതിന് പഞ്ചായത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി അദാലത്തിൽ അറിയിച്ചു.

26.10.2023 ലെ എസ്.സി 4-9742/23 എസ് സി4/9742/23 നമ്പർ പെർമിറ്റ് പ്രകാരം 803.06 ടൺ മണ്ണ് നീക്കം ചെയ്യുവാനുള്ള അനുമതി ലഭിച്ചിരുന്നുവെന്നും ഇതിനായി 32122/- രൂപ റോയൽറ്റി ഇനത്തിൽ ട്രഷറിയിൽ അടവാക്കിയിട്ടുണ്ടെന്നും എന്നാൽ 270 ടൺ മണ്ണ് മാത്രമാണ് നീക്കം ചെയ്തതെന്നും ഇതിനുള്ള റോയൽറ്റി തുക 10800/- രൂപ മാത്രമാണെന്നും തന്റെ പക്കൽ നിന്നും അധികമായി 21300/- രൂപ നഷ്ടമായെന്നും പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു. തനിക്ക് അനുവദിച്ച 81 ട്രാൻസിറ്റ് പാസുകളിൽ 54 എണ്ണം മാത്രം ഉപയോഗിച്ച് ബാക്കി 27 എണ്ണം പഞ്ചായത്ത് ഓഫീസിൽ തിരികെ ഏൽപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു.

മേൽ പരാതി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കോട്ടയം ന് സമർപ്പിക്കുന്നതിന് പരാതിക്കാരനോട് അദാലത്തിൽ നിർദ്ദേശിച്ചു തീരുമാനിച്ചു.

III കുമരകം ഗ്രാമപഞ്ചായത്തിന്റെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

കുര്യൻ ജെ

കുമരകം വില്ലേജിൽ റീസർവ്വേ 320/23 ൽ 4 ആർ സ്ഥലവും ടി സ്ഥലത്തുള്ള 4/208-ാം നമ്പർ വീടും ശ്രീമതി ഷീന ജോർജ്ജ്, വെള്ളുകുന്നേൽ എന്നയാളിൽനിന്നും വിലയാധാരം ചെയ്ത് വാങ്ങിച്ചിട്ടുള്ളതാണെന്നും ടി പുരയ്ക്ക് ശ്രീമതി ഷീന ജോർജ്ജിന്റെ

പേരിൽ 03.12.2015 വരെ വസ്തു നികുതി ഒടുക്കിയിട്ടുണ്ടെന്നും പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു. ടി പുര പരാതിക്കാരൻ അറ്റകുറ്റ പണികൾ ചെയത് ശേഷം ഉടമസ്ഥാവകാശം മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് ിൽ അപേക്ഷ സമർപ്പിച്ചപ്പോൾ മുൻ ഉടമസ്ഥയുടെ പേരിൽ അങ്ങനെ ഒരു കെട്ടിടം സഞ്ചയസോഫ്റ്റ് വെയറിൽ കാണുന്നില്ല എന്നറിയിച്ചതായി പരാതിക്കാരൻ അദാലത്തിനെ ബോധിപ്പിച്ചു.

പരാതിക്കാരനോട് വസ്തു നികുതി അടവാക്കിയ രസീത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കുന്നതിനു അദാലത്തിൽ നിർദ്ദേശം നൽകി. തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ പ്രസ്തുത സ്ഥലം എന്നും, മുമ്പുള്ള കെട്ടിടത്തിൽ അറ്റകുറ്റപണികൾ മാത്രമാണോ നടത്തിയതെന്നും സെക്രട്ടറി പരിശോധിക്കേണ്ടതും 2017 ന് മുമ്പ് ഉണ്ടായിരുന്ന കെട്ടിടമാണോ എന്ന് google map ന്റെ സഹായത്താൽ ഉറപ്പുവരുത്തേണ്ടതാണെന്നും അദാലത്തിൽ നിർദ്ദേശിച്ചു തീരുമാനിച്ചു.

IV ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

1. പത്രോസ് കെ.ജെ

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് പ്രകാരം ഒരു ഷെഡ് നിർമ്മിച്ച് 2009 ൽ കെട്ടിട നമ്പർ ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ കറന്റിന് അപേക്ഷിക്കുന്നതിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് പഞ്ചായത്തിനെ സമീപിച്ചപ്പോൾ കെട്ടിടനമ്പർ നിലവിലില്ല എന്നറിയിച്ചതായി പരാതിക്കാരൻ അദാലത്തിനെ ബോധിപ്പിച്ചു.

രേഖകൾ പരിശോധിച്ചപ്പോൾ 24 മീ. സ്വകയർ വിസ്ത് ൃതിയുള്ള ഷെഡ് ടിയാന്റെ പേരിൽ ഉണ്ടെന്ന് സെക്രട്ടറി അദാലത്തിനെ അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

V പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്

1. ഷൈനി ചെറിയാൻ

പനച്ചിക്കാട് പഞ്ചായത്ത് പരിധിയിൽ റബ്ബർ പൊടിക്കുവാനുള്ള യൂണിറ്റിനോട് ചേർന്നുള്ള ഓപ്പൺ ഷെഡിൽ മാറ്റം വരുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്

പെർമിറ്റിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും പഞ്ചായത്തിൽ നിന്നും അന്വേഷണം നടത്തി അപാകതകൾ അറിയിച്ചതനുസരിച്ച് ആയവ പരിഹരിച്ച് പെർമിറ്റ് അപേക്ഷ പുന: സമർപ്പിക്കുകയും ചെയ്തപ്പോൾ റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അറിയിപ്പ് ലഭിച്ചതായി പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു. ഇതനുസരിച്ച് ക്രമവത്ക്കരണത്തിന് അപേക്ഷ സമർപ്പിപ്പോൾ സർവ്വേ നമ്പർ 225,226 എന്നിവ മാസ്റ്റർ പ്ലാൻ പ്രകാരം ലോ ഡെൻസിറ്റി റെസിഡൻഷ്യൽ ഏരിയ ആണെന്നും മാനുഫാക്ച്ചറിംഗ്ടൈപ്പ് ഇൻഡസ്ട്രിയൽ യൂണിറ്റ് 200m2 ൽ അധികരിക്കാൻ പാടില്ല എന്നും അറിയിച്ചതായി പരാതിക്കാരൻ അദാലത്തിനെ ബോധിപ്പിച്ചു. ഇതനുസരിച്ച് ക്രമവത്ക്കരണത്തിന് 200m2 താഴെയാക്കി പ്ലാൻ സമർപ്പിച്ചിട്ടുള്ളതാണെന്നും പരാതിക്കാരൻ അറിയിച്ചു. 2019-2020 ലാണ് പനച്ചിക്കാട് പഞ്ചായത്തിൽ മാസ്റ്റർ പ്ലാൻ നിലവിൽ വന്നതെന്നും 2003 ൽതുടങ്ങിയ തങ്ങളുടെ IX/378-ാം നമ്പർ കെട്ടിടത്തിന് റഗുലറൈസേഷൻ ലഭിക്കുന്നില്ല എന്നും 10HP ക്കു മുകളിലുള്ള ഒരു ചെറുകിട യൂണിറ്റും സാധ്യമല്ലെന്നും അറിയുന്നതായി പരാതിക്കാരൻ ബോധിപ്പിച്ചു.

മാസ്റ്റർ പ്ലാൻ റിവൈസ് ചെയ്യുന്നതിലൂടെ മാത്രമേ മേൽ പരാതി പരിഹരിക്കാൻ കഴിയൂ എന്ന് അദാലത്തിന് ബോധ്യപ്പെട്ടു. മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പരാതിയുള്ള തദ്ദേശ സ്ഥാപനങ്ങൾ സർക്കാരിന്റെ പ്രത്യേക അംഗീകാരത്തിന് അപേക്ഷിക്കേണ്ടതാണെന്ന് അദാലത്തിൽ തീരുമാനിച്ചു.

VI വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ .................... പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

1. ബാബു സെബാസ്റ്റ്യൻ

06.12.2023 ൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ തന്റെ പേരിലുള്ള കെട്ടിടം പൊളിച്ചു നീക്കം ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിൽ ഇത് സബബന്ധിച്ച രേഖപ്പെടത്തലുകൾ വരുത്തണമെന്നും ആവശ്യപ്പെട്ട് പരാതി നൽകിയെങ്കിലും ആയത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല എന്നതാണ് പരാതി.

പൊളിച്ച് മാറ്റിയതായി അറിയിച്ച കെട്ടിടം demolish ചെയ്തതായി രേഖപ്പെടുത്തലുകൾ വരുത്തിയതായും പരാതി പരിഹരിച്ചതായും സെക്രട്ടറി അറിയിച്ചു.

2. ജോൺസൺ ജോബ്

പരാതി കോട്ടയം നഗരസഭയിൽ വരുന്നതായതിനാൽ അടുത്ത അദാലത്തിൽ പരിഗണിക്കാം എന്ന് അറിയിച്ചു.

3. സനിൽ

06.01.2017 ൽ പെർമിറ്റി ലഭിച്ചതിൻ പ്രകാരം വീട് പണി പൂർത്തീകരിച്ചുവെങ്കിലും നമ്പർ ലഭിച്ചിട്ടില്ല എന്നതാണ് പരാതി.

പെർമിറ്റ് കാലാവധിയ്ക്കുള്ളിൽ പെർമിറ്റ് പുതുക്കിയിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. സ്ഥലം സന്ദർശിച്ച് ക്രമവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.